# കടൽത്തിരത്ത് ഒരു പെൺകുട്ടി

"അന്നെന്റെ മുന്നിൽ മറ്റാരുമുണ്ടായിരുന്നില്ല. എന്റെ അപ്പയല്ലാതെ..." പറഞ്ഞുതുടങ്ങിയതും അവളുടെ കണ്ണുകൾ കലങ്ങുന്നത് ഞാൻ ശ്രദ്ധിച്ചു. എന്തൊക്കെയോ ചോദിക്കണമെന്നുണ്ടായിരുന്നെങ്കിലും പത്രത്താളുകളിലെ കഥകൾ അവളോട് തോന്നിച്ച ബഹുമാനവും ജീവിതത്തിൽ ആദ്യമായി ചെയ്യുന്ന ഇന്റർവ്യൂ ആയതുകൊണ്ടുണ്ടായ നേരിയ പരിഭ്രമവും അപ്പോൾ മൗനമായിരിക്കാനാണ് എന്നെ പ്രേരിപ്പിച്ചത്. പിന്നീടൊരു തിരിഞ്ഞുനോട്ടമായിരുന്നു; പിന്നിട്ട വഴികളിലൂടെ, വേറിട്ട കാഴ്ചകളിലൂടെ, അന്നും ഇന്നും എന്നും ഓർമിക്കാനുള്ള അനുഭവങ്ങളിലൂടെ...

ആ കടൽത്തിരത്തെ കൊച്ചു കൂരയിൽ 16 വയസ്സുള്ള അന്നയ്ക്ക് സ്വന്തമെന്നു പറയാൻ ആകെയുണ്ടായിരുന്നത് അവളുടെ അപ്പ മാത്രമായിരുന്നു. ജനിച്ചപ്പോൾ തന്നെ അമ്മ നഷ്ടപ്പെട്ട ഒരു നിർഭാഗ്യയായ മകളായിട്ടായിരുന്നു അവൾ സ്വയം അറിഞ്ഞിരുന്നത്. പക്ഷേ, ആ ദുഃഖം വെറും വാക്കുകളിൽ മാത്രം ഒതുക്കാൻ

അവൾ പഠിച്ചിരുന്നു; തന്റെ അപ്പയിൽനിന്ന്. അമ്മയ്ക്ക് സമമായുണ്ടായിരുന്ന അപ്പയും കുറച്ച് പുസ്തകങ്ങളുമായിരുന്നു അന്നയുടെ ജീവിതത്തെ മനോഹരമാക്കിയത്.

"അല്ല. ഒരുകാര്യം വിട്ടുപോയി. എനിക്ക് സ്നേഹിക്കാനും എന്നെ സ്നേഹിക്കാനും മാത്രം പെയ്തുകൊണ്ടിരുന്ന മഴയെ."

അതെ, മഴ... അത് അവൾക്കൊരു കൂടപ്പിറപ്പുതന്നെയായിരുന്നു. ജനനം മുതൽക്കേ അവൾ തന്റെ സന്തോഷങ്ങളും സങ്കടങ്ങളും പങ്കുവച്ചിരുന്നത് അതിനോടായിരുന്നു. അവളെ ചിരിപ്പിക്കാനും കരയിക്കാനുമായി മഴ പെയ്തുകൊണ്ടേയിരുന്നു.

പഠനത്തോട് താൽപര്യം പുലർത്തിയിരുന്നെങ്കിലും പിടിവിടാതെ കൂടെ കൂടിയ ദാരിദ്ര്യം അവളെ അതിന് അനുവദിച്ചിരുന്നില്ല. ആ സങ്കടം മറക്കാനും അവൾക്ക് കൂട്ടിനുണ്ടായിരുന്നത് അപ്പയും തന്റെ കൂടപ്പിറപ്പും തന്നെ.

എന്റെ മുന്നിലിരുന്ന് ഏറ്റുപറയുന്ന ആ ജീവിതത്തെ അസൂയയോടെ കേട്ടിരിക്കവെ, പൊടുന്നനെ ശരീരത്തിലൂടിരച്ചുകയറിയ ഏതോ ഒരു കുളിർമയാൽ ഞാൻ ഞെട്ടിയെഴുന്നേറ്റു. ഒരു കറുമ്പിപ്പൂച്ച എന്റെ

കസേരക്കടിയിൽ, കാൽവിരലുകൾക്കിടയിൽ അവളുടെ പതുപതുത്ത ശരീരം തിരുമ്മുകയായിരുന്നെന്ന തിരിച്ചറിവ് എന്നിൽ ചിരിയുണർത്തി; ഒപ്പം ചമ്മലും.
സാധാരണഗതിയിൽ പോയ്ക്കൊണ്ടിരിക്കുന്ന ഒരു ജീവിതം കണ്ണടച്ചു തുറക്കുന്ന ദൈർഘ്യത്തിൽ അപ്രതീക്ഷിതമായി മാറിമറിയാൻ അധികം സമയം വേണ്ടെന്ന തിരിച്ചറിവായിരുന്നു പിന്നീട്.

സമയം രാവിലെ 5.00. പുറത്ത് അതിശക്തിയായി പെയ്തുകൊണ്ടിരിക്കുന്ന മഴ. മേലാകെ വന്നുമൂടിയ കൊടും തണുപ്പ് അലസമായി തട്ടിവിളിക്കവെ തന്റെ കിടക്കയിൽ നിന്നെഴുന്നേറ്റ് അന്നയ്ക്ക് അവളുടെ അപ്പയെ കാണാനായില്ല. "അച്ഛൻ ഔസേപ്പേട്ടന്റെ വീട്ടിൽ പണിക്കു പോയിരിക്കയാണ് മോളേ..." തൊട്ടപ്പുറത്തെ വീട്ടിലെ സോഫിക്കൊച്ചേട്ടത്തി അവളെ വിവരമറിയിച്ചു. മുറിമുഴുവൻ പരന്ന ഇരുട്ട് കനത്തതായിരുന്നു. അവൾ മുറ്റത്ത് വന്നിരുന്നു. "ഇന്നെന്താ ഇത്ര ദേഷ്യം?" ഒരു ഇടിമുഴക്കത്തിലൂടെ മഴ മറുപടി നൽകി. തന്റെ പാവാടയിൽ തട്ടി പടർന്ന നനവാൽ അവൾ ചാടിയെഴുന്നേറ്റു. വെള്ളത്തിന്റെ നിരപ്പ് ഉയരാൻ തുടങ്ങിയിരിക്കുന്നു. കാൽപാദങ്ങളെ പൊതിയും

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

വിധം. "നീയെന്നെ ചതിക്കുമോ?" ആകാശത്ത് നിറഞ്ഞു നിന്ന കാർമേഘങ്ങളോടായി അവൾ ചോദിച്ചു.

ഇത്തവണ മറുപടിയുമായി എത്തിയത് സോഫിക്കൊച്ചേട്ടത്തിയായിരുന്നു. "അപ്പൻ വരാൻ വൈകും മോളേ, മക്കള് ചേട്ടത്തീടെ വീട്ടിലോട്ട് പോര്." മടിച്ചു മടിച്ച് അവൾ നടന്നു പോകുന്ന വഴിയിൽ അങ്ങിങ്ങായി പരക്കം പായുന്ന ആംബുലൻസുകളുടെയും പോലീസ് ജീപ്പുകളുടെയും അലർച്ച അവളിൽ നേരിയ പരിഭ്രമം ഉയർത്തി. കേരളത്തെയാകെ മുക്കുന്ന ഇത്തരത്തിലുള്ള മഴ അവൾക്ക് അപരിചിതമായിരുന്നു. ആ മഴയിൽ കൈകളിട്ടടിച്ച് കളിക്കുമ്പോഴായിരുന്നു കണാരേട്ടന്റെ വരവ്.

"അറിഞ്ഞില്ലേ... ഔസേപ്പിന്റെ പറമ്പിൽ മണ്ണിടിഞ്ഞു വീടടക്കം. അവിടെയുണ്ടായിരുന്ന എല്ലാവരും മണ്ണിനടിയിലായെന്നാ കേൾക്കുന്നെ... നമ്മളോടിവിടുന്ന് മാറാൻ പറഞ്ഞു".

സോഫിക്കൊച്ചേട്ടത്തിയും കണാരരേട്ടനും പിന്നീടും എന്തൊക്കെയോ പിറുപിറുത്തു. അവരുടെ ചിലമ്പിച്ച സ്വരം പിന്നീടവൾ ശ്രദ്ധിച്ചില്ല. കേട്ടതൊന്നും അവൾക്ക് ഉൾക്കൊള്ളാനായില്ല. 'തന്റെ അപ്പ, തന്റെ പ്രാണൻ ഇനി തിരികെ വരില്ലേന്നോ?' വരാന്തയിൽ തൂണിനോട് ചാരിനിന്ന്

കണ്ണാരേട്ടൻ ഓടിമറയുന്നത് അന്ന നോക്കിനിന്നു. അന്ത്യമില്ലാതെ കണ്ണിൽ നിന്നുതിർന്ന ചുടുകണങ്ങൾ തീർത്ത വലക്കണ്ണികൾ മൂടൽ മഴയേയും വെല്ലുന്നതായിരുന്നു. ജീവിതത്തിൽ ആകെയുണ്ടായിരുന്ന തുണയും നഷ്ടപ്പെട്ട് വിതുമ്പുന്ന ഒരു പെൺകുട്ടിയുടെ ശബ്ദം അപ്പോളെന്റെ കാതിൽ മുഴങ്ങി.

ആ കറുമ്പിപൂച്ച ഇപ്പോൾ മേശയ്ക്കുമുകളിലേക്ക് കയറിയിരിക്കുകയാണ്. ഇമവെട്ടാതെ തുറിച്ചുനോക്കി നിശ്ചലയായി നിന്നപ്പോൾ അവൾക്കും ഒരു ഭയാനകത സൃഷ്ടിക്കാൻ കഴിയുമായിരുന്നു.

അന്ന മുറ്റത്തേക്കിറങ്ങിനിന്നു. ശരീരത്തിൽ പതിക്കുന്ന ഓരോ മഴത്തുള്ളിയേയും നെഞ്ചിലൊരു കത്തി ആഴ്ന്നിറങ്ങുന്ന വേദനയോടെ അവൾ സ്വീകരിച്ചു എന്നാൽ അതിലൊന്നുമായിരുന്നില്ല അന്നയുടെ ശ്രദ്ധ: ആകാശത്തിന്റെ നെറുകയിൽ ഒന്നിനുപിറകെ മറ്റൊന്നായി ധൃതിയിൽ കയറിപ്പോകുന്ന കാർമേഘങ്ങൾ. അവയ്ക്കിടയിൽ കിടന്ന് ഞെരിപിരികൊള്ളുന്ന പൂർണ്ണവൃത്തം; അരണ്ട സൂര്യവെളിച്ചം. അവൾ നോക്കി നിൽക്കെ ആകാശമാകെ ഇരുട്ടുകെട്ടി. തന്റെ കണ്ണുകൾ മുറുക്കിയടച്ച്

അവൾ തന്റെ അച്ഛയുടെ ഘാതകനോട് ചോദിച്ചു:

"എന്തിനുവേണ്ടി?"

മഴക്കാലം അന്നയ്ക്കു സമ്മാനിച്ചത് ഓർക്കാനിഷ്ടപ്പെടാത്ത അനുഭവങ്ങളായിരുന്നു. അത്തരത്തിലൊരു സന്ദർഭം ദുഃഖത്തിന്റെ നിറവും നിഴലും ചാലിച്ച് അവതരിപ്പിച്ച ആ എഴുത്തുകാരിയെ ഒരു വിചിത്ര ജന്തുവിനെയെന്ന പോലെ ഞാൻ നോക്കി. അഭിമുഖം ഒരു ക്രമവുമില്ലാതെ നീണ്ടതിലുള്ള അവളുടെ ക്ഷമാപണവും കേട്ട് മടങ്ങുമ്പോൾ ഞാനറിഞ്ഞു:

- ആ കടൽതീരത്ത് നിന്ന് മഴ നനഞ്ഞ തന്റേടി പെൺകുട്ടിയുടെ പ്രതിച്ഛായ ഇന്നും അവൾക്ക് കൂട്ടിനുണ്ട്; അല്ല, എന്നും അവൾക്ക് കൂട്ടിനുണ്ട്...

മഴ മെല്ലെ പെയ്തുതുടങ്ങിയിരിക്കുന്നു...

---